

അത്യാധുനിക സൗകര്യങ്ങളുമായി കാസിൽ റോക്ക് പൂർത്തിയായി

ധനം ന്യൂസ് ബ്യൂറോ

ഈസ്റ്റേൺ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള കൺസ്ട്രക്ഷൻ കമ്പനിയായ നൻമ പ്രോപ്പർട്ടീസിന്റെ പാർപ്പിട സമുച്ചയം 'കാസിൽ റോക്ക്' വൈപ്പിനിൽ പൂർത്തിയായി. അത്യാധുനിക സൗകര്യങ്ങളോട് കൂടിയ 150 ആഡംബര അപ്പാർട്ട്മെന്റുകളാണ് കാസിൽ റോക്കിലുള്ളത്. ലോകോത്തര നിലവാരമുള്ള ഉത്പ്പന്നങ്ങളുടെ ഉപയോഗവും മികച്ച അന്തരീക്ഷവുമാണ് കാസിൽ റോക്കിന്റെ സവിശേഷതയെന്ന് ഈസ്റ്റേൺ ഗ്രൂപ്പ് ചെയർമാൻ നവാസ് മീരാൻ പറഞ്ഞു.

സ്വിമ്മിംഗ്പൂൾ, ജിം, യോഗ സെന്റർ തുടങ്ങിയ ആധുനിക സൗകര്യങ്ങളെല്ലാം ഇവിടെ ഒരുക്കിയിട്ടുണ്ടെന്നും പ്രകൃതിഭംഗി ആസ്വദിക്കാനാകുംവിധം വ്യത്യസ്തമായാണ് റൂഫ്ടോപ്പ് രൂപകൽപന ചെയ്തിരിക്കുന്നതെന്നും നൻമ പ്രോപ്പർട്ടീസ് എം.ഡി അഷീൻ പാണക്കാട് വ്യക്തമാക്കി. രണ്ട് ബെഡ്റൂം അപ്പാർട്ട്മെന്റിന് 50 ലക്ഷം രൂപയും മൂന്ന് ബെഡ്റൂം അപ്പാർട്ട്മെന്റിന് 60 ലക്ഷം രൂപയുമാണ് വില.

ടേൺകീ വ്യവസ്ഥയിലാണ് നൻമ പ്രോപ്പർട്ടീസ് നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്. ടൗൺഷിപ്പുകൾ, റിസോർട്ടുകൾ, ഐ.റ്റി, ആരോഗ്യ മേഖലകൾക്കു വേണ്ടിയുള്ള കെട്ടിടങ്ങൾ, ഫാക്റ്ററികൾ തുടങ്ങിയവ അടങ്ങുന്ന നിർമാണ ശൃംഖലയാണ് നൻമ പ്രോപ്പർട്ടീസിന്റേത്. ■

കാസിൽ റോക്ക് അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം ഈസ്റ്റേൺ കോണ്ടിമെന്റ്സ് എം.ഡി നഫീസ മീരാൻ നിർവഹിക്കുന്നു. നവാസ് മീരാൻ, ജസ്റ്റിസ് സുനിൽ തോമസ്, അഷീൻ പാണക്കാട്, ജസ്റ്റിസ് സുരേന്ദ്ര മോഹൻ, സാബു കാരിക്കശ്ശേരി, തോമസ് ജോസഫ്, ടി. വിനയ് കുമാർ എന്നിവർ സമീപം

വീഗാലാൻഡ് ഡെവലപ്പേഴ്സ് അപ്പാർട്ട്മെന്റ്സ് ഉപഭോക്താക്കൾക്ക് കൈമാറി

വീഗാലാൻഡ് ഡെവലപ്പേഴ്സ് കൊച്ചി കലൂരിൽ പൂർത്തിയാക്കിയ പെറ്റിയൂണിയ & ബിഗോണിയ ടിൻ ടവർ ലക്ഷ്വറി അപ്പാർട്ട്മെന്റുകൾ ഉപഭോക്താക്കൾക്ക് കൈമാറി. വി ഗാർഡ് ഗ്രൂപ്പ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയാണ് താക്കോൽദാനം നിർവഹിച്ചത്. തീർത്തും പ്രകൃതി സൗഹൃദരമായ രീതിയിലാണ് അപ്പാർട്ട്മെന്റ് നിർമിച്ചിരിക്കുന്നത്. ലക്ഷ്വറി - പ്രീമിയം വിഭാഗത്തിൽപ്പെട്ട ഫ്ളാറ്റുകൾ നഗരത്തിന്റെ എല്ലാവിധ സൗകര്യങ്ങളിലേക്കും എത്തിച്ചേരാനാവുന്ന രീതിയിലുള്ള സ്ഥലത്താണ് പണിതിരിക്കുന്നത്. കലൂർ മെട്രോ സ്റ്റേഷൻ, നോർത്ത് റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, സ്കൂൾ എന്നിവയെല്ലാം അപ്പാർട്ട്മെന്റിന്റെ 200 മീറ്റർ ചുറ്റളവിൽ ഉണ്ട്.

ഓരോ അപ്പാർട്ട്മെന്റിലും ബാൽക്കണികൾ, ഇന്റേണൽ പ്ലാൻ കസ്റ്റമൈസേഷൻ, പൂന്തോട്ട സജ്ജീകരണം, പ്രോജക്റ്റിനുള്ളിൽ തന്നെ ശുദ്ധജല സംഭരണവും പ്രോസസിംഗും എന്നിവ പെറ്റിയൂണിയ & ബിഗോണിയ അപ്പാർട്ട്മെന്റുകളെ വേറിട്ട് നിർത്തുന്നു. ഒരേക്കർ ഭൂമിയിലാണ് അപ്പാർട്ട്മെന്റുകൾ നിർമിച്ചിരിക്കുന്നത്.

വി-ഗാർഡ് ഗ്രൂപ്പ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി അപ്പാർട്ട്മെന്റിന്റെ താക്കോൽദാനം നിർവഹിക്കുന്നു

മാലിന്യ നിർമാർജ്ജനം, സൗരോർജ്ജ വിനിയോഗം എന്നിവയെല്ലാം വീഗാലാന്റ് പാർപ്പിടങ്ങളുടെ സവിശേഷതകളാണ്. കൊച്ചി വാഴക്കാലയിലുള്ള ഗ്രീൻ ക്ലൗഡ്സ്, തൃപ്പൂണിത്തുറയിലെ കിംഗ്സ് ടൗൺ എന്നിവയെല്ലാം വീഗാലാന്റ് ഡെവലപ്പേഴ്സിന്റെ നിർമാണം പൂർത്തിയായ മറ്റ് പ്രോജക്റ്റുകളാണ്. ഇടപ്പള്ളി, കാക്കനാട്, എരൂർ എന്നിവിടങ്ങളിൽ പുതിയ പ്രോജക്റ്റുകൾ ആരംഭിച്ചു കഴിഞ്ഞു. മാത്രമല്ല; അയൽ ജില്ലകളിലേയ്ക്കും പാർപ്പിട പദ്ധതികൾ ഉടൻ വ്യാപിപ്പിക്കാൻ കമ്പനി ലക്ഷ്യമിടുന്നു. ■

പ്രവർത്തനങ്ങൾ നിർത്തി വെക്കുക. അല്ലെങ്കിൽ വരുമാനം കൂടുതൽ ആകർഷകമാക്കിത്തീർക്കുക.

സ്ഥിതിഗതികൾ വിശദമായി വിശകലനം ചെയ്ത ഉന്നത മാനേജ്മെന്റ്, പദ്ധതി പൂർത്തീകരണ കാലയളവ് കുറയ്ക്കുന്നതിലൂടെ വരുമാനത്തിൽ ഗണ്യമായ വർധനവ് വരുത്താനാകുമെന്ന നിഗമനത്തിലെത്തി.

രണ്ടും മൂന്നും ഘട്ടങ്ങളിലാണ് ഒരു പുതിയ ഹോട്ടൽ പ്രോജക്റ്റ് പൂർത്തിയാവാൻ കൂടുതൽ സമയമെടുക്കുന്നതെന്ന് അവർ കണ്ടെത്തി. വിവിധ പ്രവൃത്തികളുടെ ഏകോപനത്തിലുള്ള പ്രശ്നങ്ങളാണ് ഇതിന് കാരണമെന്നും കണ്ടെത്തി. ഏറ്റവും കൂടുതൽ കോൺട്രാക്റ്റർമാരെ ആശ്രയിക്കേണ്ടി വരുന്ന രണ്ടും മൂന്നും ഘട്ടങ്ങളിലാണ് ഏകോപനത്തിലെ പ്രശ്നം കൂടി വരുന്നത്.

ഹോട്ടൽ പ്രോജക്റ്റിന്റെ പൂർത്തീകരണ കാലയളവ് കുറയ്ക്കുന്നതിനായി മാനേജ്മെന്റ്, പദ്ധതി നിർവഹണത്തിൽ വൈദഗ്ധ്യമുള്ള ഒറ്റ കോൺട്രാക്റ്റർക്ക് ഹോട്ടൽ നിർമാണച്ചുമതല ടേൺകീ കോൺട്രാക്റ്റായി നൽകാൻ തീരുമാനിച്ചു.

ആ കോൺട്രാക്ടറാവട്ടെ ഹോട്ടൽ ശൃംഖലയുടെ മാനേജ്മെന്റുമായി ആലോചിച്ച് വിവിധ പ്രവൃത്തികൾ സബ് കോൺട്രാക്റ്റ് നൽകി.

ഇതോടെ ഹോട്ടൽ നിർമാണത്തിലെ ഓരോ ഘട്ടത്തിലും സബ് കോൺകോൺട്രാക്റ്റർമാരെയും മറ്റു പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു കൊണ്ടു പോകുക എന്നത് പ്രധാന കോൺട്രാക്റ്ററുടെ ഉത്തരവാദിത്തമായി.

കോൺട്രാക്റ്റർക്ക് നിശ്ചിത ബജറ്റ് അനുസരിച്ച് മൂന്നു വർഷം കൊണ്ടു തന്നെ പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞു. സാധാരണയിൽ നിന്ന് വ്യത്യസ്തമായി രണ്ടു വർഷം മുൻപു തന്നെ ഹോട്ടൽ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞതോടെ വരുമാനം കൂടുകയും ആകർഷകമായി നിലയിൽ എത്തുകയും ചെയ്തു (ടേബിൾ രണ്ട് കാണുക).

പ്രോജക്റ്റ് വേഗത്തിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയതോടെ ആഡംബര ഹോട്ടൽ പ്രോജക്റ്റിന്റെ ഐആർആർ 24 ശതമാനത്തിലേക്ക് ഉയരുകയും ചെയ്തു.

പ്രോജക്റ്റിന്റെ പൂർത്തീകരണ കാലയളവ് ഗണ്യമായി കുറയ്ക്കുന്നതിന് ടേൺ കീ കോൺട്രാക്റ്റ് വളരെയേറെ ഫലപ്രദമാണെന്ന് ഈ ഉദാഹരണത്തിൽ നിന്ന് വ്യക്തമാണ്. പൂർത്തീകരണ കാലയളവ് കുറയ്ക്കുന്നതിലൂടെ റിട്ടേൺസ് അനാകർഷകമായ പ്രോജക്റ്റിനെ പോലും ആകർഷകമാക്കാൻ കഴിയും. ■

Hotel Project – Turnkey Method

Year 6	Year 7	Year 8	Year 9	Year 10	IRR
40	50	50	50	50	24%

ഇന്ത്യയിലും ജിസിസി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. അഗർ IIM (L) നിന്ന് PGDM എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. website: www.we-deliver-results.com, email: tinyphilip@gmail.com

അസറ്റ് ഹോംസിന് ദേശീയ ഹാബിറ്റാറ്റ് പുരസ്കാരം

സുസ്ഥിര വികസന മാതൃകകളും ഹരിതനിർമാണ രീതികളും അവലംബിക്കുന്നവർക്കായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഏർപ്പെടുത്തിയ ദേശീയ ഹാബിറ്റാറ്റ് പുരസ്കാരത്തിന് ഭവന നിർമാതാക്കളുടെ വിഭാഗത്തിൽ അസറ്റ് ഹോംസ് അർഹരായി. ഡോ. ഡബ്ല്യു ആർ റെഡ്ഡി, ടി.ആർ ചന്ദ്ര ദത്ത്, ഊരാളുങ്കൽ തൊഴിലാളി സഹകരണ സംഘം എന്നിവരാണ് മറ്റ് ദേശീയ ഹാബിറ്റാറ്റ് പുരസ്കാര ജേതാക്കൾ.

ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദ വാസ്തു ശിൽപ ശൈലിയുടെ പ്രചാരകരും ഈ മേഖലയിലെ ഏറ്റവും വലിയ സന്നദ്ധ സംഘടനകളിലൊന്നുമായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുപ്പതാം വാർഷികാഘോഷങ്ങളോടനുബന്ധിച്ചാണ് ദേശീയ ഹാബിറ്റാറ്റ് പുരസ്കാരം ഏർപ്പെടുത്തിയത്.

ഊർജം, ജലം എന്നിവയുടെ സൂക്ഷ്മമായ വിനിയോഗത്തിലും മാലിന്യ സംസ്കരണത്തിലും ഏറ്റവും മികച്ച സംവിധാനങ്ങൾ നിർമാണ രംഗത്ത് അവലംബിക്കുകയും ട്രീഡൻ, ബിയോണ്ട് സ്ക്വയർ ഫീറ്റ് തുടങ്ങിയ പരിസ്ഥിതി അവബോധപ്രചാരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന സാമൂഹ്യപ്രതിബദ്ധതയാർന്ന പ്രവർത്തനങ്ങളാണ് അസറ്റ് ഹോംസിനെ പുരസ്കാരത്തിന് അർഹമാക്കിയതെന്ന് ചടങ്ങിൽ പങ്കെടുത്ത ആർക്കിടെക്റ്റ് ജി. ശങ്കർ പറഞ്ഞു. ■

ഹരിതനിർമാണ രീതികളും സുസ്ഥിര വികസന മാതൃകകളും അവലംബിക്കുന്നവർക്കായി ഏർപ്പെടുത്തിയ ദേശീയ ഹാബിറ്റാറ്റ് പുരസ്കാരം മുഖ്യമന്ത്രി പിണറായി വിജയൻ അസറ്റ്ഹോംസ് മാനേജിംഗ് ഡയറക്ടർ വി സുനിൽ കുമാറിന് സമ്മാനിക്കുന്നു. ശശി തരൂർ എം. പി., ഒ. രാജഗോപാൽ എംഎൽഎ എന്നിവർ സമീപം

[redacted]